612
17/11/15

കേരള സർക്കാർ

സംഗ്രഹം

സാമൂഹ്യനീതി വകുപ്പ് - ജീവനക്കാര്യം - 1199/2014 നമ്പർ ഒ.എ-യിന്മേൽ ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ വിധിന്യായം നടപ്പിലാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

സാമൂഹ്യനീതി (എ) വകുപ്പ്

സ.ഉ. (സാധാ) നം. 06/2015/സാ.നീ.വ. തീയതി, തിരുവനന്തപുരം: 06.01.2015.

പരാമർശം:-
1. 07.06.2012-ൽ പ്രിൻസിപ്പാൾ, എസ്.ഐ.എം.സി., പാങ്ങപ്പാറ സാമൂഹ്യനീതി വകുപ്പ് ഡയറക്ടർക്ക് നൽകിയ 95/എ2/11/ എസ്.ഐ.എം.സി നമ്പർ കത്ത്.
2. പ്രിൻസിപ്പൽ, എസ്.ഐ.എം.സി, പാങ്ങപ്പാറ സാമൂഹ്യനീതി വകുപ്പ് ഡയറക്ടർക്ക് അയച്ച 13.01.2014, 12.03.2014 തീയതികളിലെ 95/എ2/11/ എസ്.ഐ.എം.സി നമ്പർ കത്തുകൾ.
3. ശ്രീമതി.കെ.കെ.ഉഷ 20.02.2014-ൽ സമർപ്പിച്ച നിവേദനം.
4. ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ 1199/2014 നമ്പർ ഒ.എ-യിന്മേൽ 18.07.2014-ൽ പുറപ്പെടുവിച്ച വിധിന്യായം.
5. സാമൂഹ്യനീതി വകുപ്പ് ഡയറക്ടറുടെ 19.09.2014-ലെ ഇ8-3867/14 നമ്പർ കത്ത്.
6. എസ്.ഐ.എം.സി പ്രിൻസിപ്പാളിന്റെ 08.10.2014-ലെ 95/എ2/11/ എസ്.ഐ.എം.സി നമ്പർ കത്ത്.

ഉത്തരവ്

സാമൂഹ്യനീതി വകുപ്പിലെ സ്പെഷ്യൽ ടീച്ചർ ആയ ശ്രീമതി.കെ.കെ.ഉഷ, പാങ്ങപ്പാറ, എസ്.ഐ.എം.സി എന്ന സ്ഥാപനത്തിൽ ജോലി നോക്കിയിരുന്ന കാലയളവിൽ ധനകാര്യ പരിശോധനാ വിഭാഗം ടി സ്ഥാപനത്തിൽ പരിശോധന നടത്തി സമർപ്പിച്ച റിപ്പോർട്ടിൽ, ശ്രീമതി.കെ.കെ.ഉഷ എസ്.ഐ.എം.സി. സൂപ്രണ്ടിന്റെ ചാർജ്ജ് വഹിച്ചിരുന്ന 01.01.2008 മുതൽ 12.07.2008 വരെയുള്ള കാലയളവിൽ എക്സാം ഫീ ഇനത്തിൽ കൈപ്പറ്റിയ 10,556/- രൂപ കുറവു വന്നതായും ടി തുകയും 12% പലിശയും സഹിതം ടിയാളിൽ നിന്ന് ഈടാക്കുവാനും ശുപാർശ ചെയ്തിരുന്നു.

2. ശ്രീമതി.ഉഷയിൽ നിന്നും 10,556/- രൂപയും 12% പലിശയും ചേർത്ത് ഈടാക്കാൻ എസ്.ഐ.എം.സി. പ്രിൻസിപ്പാളിൽ നിന്നും പരാമർശം (2) പ്രകാരം അറിയിപ്പു ലഭിച്ച മുറയ്ക്ക് സാമൂഹ്യനീതി വകുപ്പ് ഡയറക്ടർ 16,010/- രൂപ ടിയാളിൽ നിന്ന് ഈടാക്കുകയുണ്ടായി. ഇതിനെതിരെ ശ്രീമതി.ഉഷ ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിൽ 1199/14-ാം നമ്പരായി ഒ.എ. ഫയൽ ചെയ്യുകയും ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ, പരാമർശം (4) പ്രകാരം പുറപ്പെടുവിച്ച വിധിന്യായ

ത്തിൽ, ടിയാൾ സർക്കാർ മുമ്പാകെ പരാമർശം (3) പ്രകാരം സമർപ്പിച്ച എ10 അപേക്ഷ, ഒന്നാം എതിർ കക്ഷിയായ സാമൂഹ്യനീതി വകുപ്പ് സെക്രട്ടറി ടി ഉത്തരവ് ലഭിച്ച് 3 മാസത്തിനകം ടിയാളെ നേരിൽ കേട്ട് തീർപ്പാക്കുവാൻ ഉത്തരവാകുകയുണ്ടായി. ധനകാര്യ പരിശോധനാ വിഭാഗത്തിന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ, തന്റെ വിശദീകരണമുൾപ്പെടെ, തുക നഷ്ടപ്പെട്ടിട്ടില്ലെന്ന വിശദമായ റിപ്പോർട്ട് പരാമർശം (1)-ലെ കത്ത് പ്രകാരം പാങ്ങപ്പാറ എസ്.ഐ.എം.സി. പ്രിൻസിപ്പാൾ സാമൂഹ്യനീതി വകുപ്പ് ഡയറക്ടർക്ക് നൽകിയിരുന്നു വെന്നും കൂടാതെ 10.05.2012-ന് സാമൂഹ്യനീതി വകുപ്പ് സെക്രട്ടറിക്കും 12.12.2012-ന് പൊതുവിദ്യാഭ്യാസ സെക്രട്ടറിക്കും ഇക്കാര്യത്തിലുള്ള തന്റെ വിശദീകരണം നൽകിയിട്ടുണ്ടെന്നും, ധനകാര്യ പരിശോധനാ റിപ്പോർട്ടിൽ പറഞ്ഞിരിക്കുന്ന പ്രകാരം തുക നഷ്ടപ്പെട്ടിട്ടില്ലെന്നും ഇക്കാര്യം പരിശോധിക്കാതെയാണ് തന്റെ കൈയിൽ നിന്നും തുക ഈടാക്കാൻ നടപടി സ്വീകരിക്കുന്നതെന്നും ആയതിനാൽ തുക ഈടാക്കുന്നത് ഒഴിവാക്കണമെന്നും പരാതിക്കാരി പരാമർശം (3) പ്രകാരമുള്ള എ10 അപേക്ഷയിൽ ആവശ്യപ്പെട്ടിട്ടുണ്ട്. ടിയാളുടെ 10.05.2012-ലെ അപേക്ഷയിൽ ടിയാൾ സൂപ്രണ്ടിന്റെ ചാർജ് വഹിച്ചിരുന്ന 01.01.2008 മുതൽ 12.07.2008 വരെ രസീതു നൽകി കൈപ്പറ്റിയ 32,556/- രൂപ പ്രിൻസിപ്പാളിന് കൈമാറിയിട്ടുണ്ടെന്നും ടി തുക പ്രിൻസിപ്പാൾ കൈപ്പറ്റിയതിനും ചെലവഴിച്ചതിനും എസ്.ഐ.എം.സി-ൽ മതിയായ രേഖകളുണ്ടെന്നും പ്രിൻസിപ്പാളിന്റെ പരിപൂർണ്ണ അധീനതയിലുള്ള ക്യാഷ് ബുക്ക് കൈകാര്യം ചെയ്തിരുന്നത് ദിവസവേതനാടിസ്ഥാ നത്തിൽ ജോലി ചെയ്തിരുന്ന കമ്പ്യൂട്ടർ ഓപ്പറേറ്റർ ആണെന്നും അറിയിച്ചിട്ടുണ്ട്. ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ വിധിന്യായത്തിന്റെ വെളിച്ചത്തിൽ 23.09.2014-ന് സാമൂഹ്യനീതി വകുപ്പ് അണ്ടർ സെക്രട്ടറി പരാതിക്കാരിയെ നേരിൽ കേൾക്കുകയുണ്ടായി.

3. എസ്.ഐ.എം.സി പ്രിൻസിപ്പാളിന്റെ പരാമർശം (1) പ്രകാരമുള്ള കത്തിൽ, ശ്രീമതി.ഉഷയുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ ബന്ധപ്പെട്ട രേഖകൾ പരിശോധിച്ചപ്പോൾ ക്യാഷ് ബോക്സിൽ നിന്നും കണ്ടെടുത്ത 11,846/- രൂപയിൽ 4,000/- രൂപ കുറച്ച് 7846/- രൂപ മാത്രമേ ക്യാഷ് ബുക്കിൽ കാണിച്ചിട്ടുള്ളൂവെന്നും 4,000/- രൂപ ക്യാഷ് ബുക്കിൽ രേഖപ്പെടുത്തിയിട്ടില്ലെന്നും കൂടാതെ 6 കുട്ടികൾക്ക് 1,000/- രൂപ വീതം ക്യാഷ് ഡിപ്പോസിറ്റ് തിരികെ നൽകിയിട്ടുണ്ടെന്നും ഇതു സംബന്ധിച്ച് രേഖപ്പെടുത്തലുകളും ക്യാഷ് ബുക്കിൽ വരുത്തിയിട്ടില്ലെന്നും അറിയിച്ചിട്ടുണ്ട്. ഇപ്രകാരം 10,000/- രൂപയുടെ വ്യത്യാസം കണ്ടെത്തിയിട്ടുണ്ടെന്നും 556/- രൂപ ചെലവു ചെയ്തത് വൗച്ചർ നഷ്ടപ്പെട്ടതുമൂലം ക്യാഷ് ബുക്കിൽ കണക്ക് വരാത്തതാകാമെന്നും ഇങ്ങനെ 10,556/- രൂപ ചെലവ് വന്നിട്ടുള്ളത് ക്യാഷ് ബുക്കിൽ രേഖപ്പെടുത്തിയിരുന്നില്ലായെന്നും അറിയിച്ചിട്ടുണ്ട്.

4. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. നിലവിൽ 10,000/- രൂപയുടെ വ്യത്യാസം കണ്ടെത്തിയിട്ടുണ്ടെന്നും 556/- രൂപ ചെലവ് ചെയ്തത് വൗച്ചർ നഷ്ടപ്പെട്ടതുമൂലം ക്യാഷ് ബുക്കിൽ കണക്ക് വരാത്തതുമൂലമാകാമെന്നുമുള്ള പാങ്ങപ്പാറ എസ്.ഐ.എം.സി. പ്രിൻസിപ്പാളിന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ശ്രീമതി.കെ.കെ.ഉഷ യുടെ ശമ്പളത്തിൽ നിന്നും തുക ഈടാക്കുന്നത് ഒഴിവാക്കിക്കൊണ്ടും ടിയാളുടെ ശമ്പളത്തിൽ നിന്നും തിരിച്ചു പിടിച്ച തുകയായ 16,010/- രൂപ സാമൂഹ്യനീതി വകുപ്പ് ഡയറക്ടർ അടിയന്തിരമായി ടിയാൾക്ക് തിരികെ നൽകേണ്ടതാണെന്ന് നിർദ്ദേശിച്ചു കൊണ്ടും ശ്രീമതി.കെ.കെ.ഉഷ ഫയൽ ചെയ്ത 1199/14-ാം നമ്പർ ഒ.എ.-യിന്മേൽ ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ 18.07.2014-ൽ പുറപ്പെടുവിച്ച വിധിന്യായം നടപ്പിലാക്കിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണറുടെ ഉത്തരവിൻ പ്രകാരം
**മിനി.എം**
അണ്ടർ സെക്രട്ടറി

സാമൂഹ്യനീതി ഡയറക്ടർ, തിരുവനന്തപുരം.
ശ്രീമതി.കെ.കെ.ഉഷ, സ്പെഷ്യൽ ടീച്ചർ, ആശാഭവൻ ഫോർ വിമൺ, പൂജപ്പുര, തിരുവനന്തപുരം.
അഡ്വക്കേറ്റ് ജനറൽ, തിരുവനന്തപുരം (കവറിംഗ് ലെറ്റർ സഹിതം).
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ ആന്റ് ഇ), തിരുവനന്തപുരം.
ധനകാര്യ വകുപ്പ്
പൊതുവിദ്യാഭ്യാസ വകുപ്പ്
വിവര പൊതുജന സമ്പർക്ക വകുപ്പ് (പ്രസിദ്ധീകരണത്തിന്)
കരുതൽ ഫയൽ/ഓഫീസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ